(സി) പണം അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 1993-ലും, 1996-ലും, 1998-ലും ഉണ്ടായ കടലാക്രമണവും പ്രകൃതിക്ഷോഭവുംമൂലം ഭവനരഹിതരായവർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനായി ജില്ലാ കളക്ടറിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളിൽ പോരായ്മകൾ കണ്ടെതിനാൽ വിശദമായ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചാലുടനെ തന്നെ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്ഥലം വാങ്ങുന്നതിനുള്ള സർക്കാർ അനുമതി നൽകിക്കഴിഞ്ഞശേഷമേ പണം നൽകാൻ കഴിയൂ.

**101 (1327) ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോപ്ലക്സിന് ഫ്ളഡ് ഫണ്ടിൽനിന്നും ധനസഹായം**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി മണ്ണിട്ട് നികത്തുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും ആറ് ലക്ഷംരൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിവേദനത്തിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) മേപ്പയൂർ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോപ്ലക്സിന് ഭൂമി മണ്ണിട്ട് നികത്തുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും 5.00 ലക്ഷം രൂപയെങ്കിലും അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് മേപ്പയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിയമസഭാ സാമാജികനായ ശ്രീ. എ. കണാരൻ മുഖേന സർക്കാരിന് നിവേദനം നൽകുകയുണ്ടായി. പ്രസ്തുത നിവേദനം പരിശോധിക്കുകയും ഇത്തരം പ്രവർത്തനങ്ങൾ വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ചെയ്യാറില്ല എന്നു കാണുകയാൽ ഇത് അനുവദിക്കുവാൻ കഴിയുകയില്ലെന്ന് ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തു.

**102 (1328) മരങ്ങൾ മുറിക്കാൻ നടപടി**

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടയം നൽകിയ മുഴുവൻ റവന്യൂ ഭൂമിയിലെയും വളർച്ച മുറ്റിയ വീട്ടി, തേക്ക് തുടങ്ങിയ മരങ്ങൾ മുറിച്ച് സർക്കാരിന് മുതൽകൂട്ടാക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly